**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793** **04-02-2026 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ഡോ. ആർ. ബിന്ദു**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (എ) | പ്ലാനറ്റേറിയം കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ചെയർമാനായും, തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ, തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം തലവൻ എന്നിവരെ അംഗങ്ങളാക്കിയും ഒരു സാങ്കേതിക സമിതി സർക്കാർ രൂപീകരിച്ചിരുന്നു. 07.01.2026-ന് സമിതിയിലെ അംഗങ്ങൾ പ്ലാനറ്റേറിയം കെട്ടിടം പരിശോധിക്കുകയും ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതിന് കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ഉറപ്പ് വരുത്തേണ്ടതുണ്ടെന്ന് അറിയിക്കുകയും ചെയ്തിരുന്നു. കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റബിലിറ്റി ടെസ്റ്റ് നടത്തുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം എന്നത്തേക്ക് പൊതുജനങ്ങൾക്ക് തുറന്നു നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | സാങ്കേതിക സമിതിയുടെ നിർദ്ദേശങ്ങൾ അടിയന്തരമായി ലഭ്യമാക്കി, കെട്ടിടത്തിന്റെ ചോർച്ച പൂർണ്ണമായും പരിഹരിച്ചതിന് ശേഷം, ഉപകരണങ്ങൾ പ്രവർത്തനസജ്ജമാക്കി പ്ലാനറ്റേറിയം പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ നിർമ്മാണം പൂർത്തിയായ ഡിജിറ്റൽ അഡ്വഞ്ചർ ഗാലറിയും ഇന്നവേഷൻ ഹബ്ബും പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ